പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 322 | 20.06.2019 - ൽ മറുപടിക്ക്.

## റേഷൻകടകളുടെ വൈവിധ്യവല്ക്കരണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.വി.ആർ. സുനിൽ കുമാർ<br>,, ചിറ്റയം ഗോപകുമാർ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി സി.കെ. ആശ :** | | **ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) മുൻകാലങ്ങളെ അപേക്ഷിച്ച് സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളും റേഷൻ കടകളിലേക്ക് എത്തുന്ന സാഹചര്യത്തിൽ റേഷൻകടകളെ വൈവിധ്യവല്ക്കരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ; | (എ)<br>യും<br>(ബി) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി റേഷൻകടകളെ വൈവിദ്ധ്യവത്കരിക്കുന്നതിന് സപ്ലൈകോ വഴി വിൽക്കുന്ന സബ്സിഡി ഇതര സാധനങ്ങൾ റേഷൻകടകൾ വഴി വിൽപ്പന നടത്തുന്നത് സംബന്ധിച്ചുള്ള പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. |
| (ബി) എങ്കിൽ റേഷൻകടകളുടെ വൈവിദ്ധ്യവല്ക്കരണ നടപടികൾക്ക് തുടക്കമായോ; ഏതൊക്കെ രീതിയിലുള്ള വൈവിദ്ധ്യവല്ക്കരണമാണ് ലക്ഷ്യമിടുന്നതെന്നും അവ എത്രകാലം കൊണ്ട് പൂർത്തിയാകുമെന്നും അറിയിക്കുമോ; | യും | കൂടാതെ റേഷൻകടകൾ വഴി കുപ്പിവെള്ളവും, ശബരി തേയിലയും വിൽക്കുന്നത് സംബന്ധിച്ച വിഷയത്തിൽ 11.06.2019 ന് ബഹു.ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി റേഷൻ വ്യാപാരി സംഘടന പ്രതിനിധികളുമായി നടത്തിയ യോഗത്തിൽ കുപ്പിവെള്ളവും ശബരി തേയിലയും മറ്റ് ഉല്പന്നങ്ങളും റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിന് തത്വത്തിൽ തീരുമാനിക്കുകയും ഒരു താലൂക്കിൽ ഒരു കടയിൽ കുപ്പിവെള്ളം, ശബരി തേയില എന്നിവ വിൽപ്പന നടത്തുന്നത് സംബന്ധിച്ച പൈലറ്റ് പ്രോജക്റ്റ് നടപ്പിൽ വരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br>റേഷൻകടകളിലെ ഇ-പോസ് മെഷീൻ വഴി മൈക്രോ എ.ടി.എം. സംവിധാനം ആരംഭിക്കുന്നതിനായി വിവിധ ബാങ്കുകളുടെ Expression of Interest (EoI) പരിശോധിച്ച് വരുന്നു. |

(സി) റേഷൻകടകളിലേക്ക് കൂടുതൽ ജനങ്ങളെ ആകർഷിക്കുന്ന തരത്തിൽ അവ മോടിപിടിപ്പിക്കുന്നതിനും ഏകീകൃത രൂപം നല്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) റേഷൻ കട നവീകരണത്തിന്റെ ഭാഗമായി റേഷൻകടകൾക്ക് ഒരു ഏകീകൃത മാതൃക തയ്യാറാക്കുകയും ആയത് നടപ്പിൽ വരുത്തി റേഷൻകടകൾ നവീകരണം താഴെ പറയുന്ന രീതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്.

1) ചുവപ്പും മഞ്ഞയും നിറത്തിൽ നിശ്ചിത മാതൃകയിൽ ബോർഡുകൾ സ്ഥാപിക്കുക.
2) നിശ്ചിത മാതൃകയിൽ ഉള്ള സ്റ്റോക്ക്ബോർഡ്/ വിലവിവര പട്ടിക ജനങ്ങൾക്ക് കാണത്തക്ക രീതിയിൽ സ്ഥാപിക്കുക.
3) കടയുടെ ഉൾവശം വൈറ്റ് വാഷ് ചെയ്യുക.
4) ഷട്ടർ / ഡോർ എന്നിവ അംഗീകരിച്ച മാതൃകയിൽ പെയിന്റ് ചെയ്യുക.

(ഡി) ജനങ്ങളുടെ സൗകര്യം കണക്കിലെടുത്ത് സംസ്ഥാനത്ത് കൂടുതൽ റേഷൻകടകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ഡി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കിയതിന്റെ ഭാഗമായി റേഷൻകട ഏകീകരണം, പോർട്ടബിലിറ്റി തുടങ്ങിയവ നടപ്പിലാക്കിയതിനാൽ നിലവിൽ പുതിയ റേഷൻകട അനുവദിക്കുന്ന നടപടികൾ നിർത്തിവച്ചിരിക്കുകയാണ്. എന്നാൽ ആവശ്യകത പരിശോധിച്ച് ബോധ്യപ്പെടുന്ന പക്ഷം പുതിയ റേഷൻകടകൾ അനുവദിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**